രാജരാജേശ്വര ക്ഷേത്ര ചിറ മലിനമാകാതിരിക്കാൻ കർശന നടപടി

തളിപ്പറമ്പ: രാജരാജേശ്വര ക്ഷേത്ര ചിറ നവീകരണത്തിന് നാട്ടുകാരും ദേവസ്വം ഭാരവാഹികളും കൈകോർക്കുന്നു. ഇനിമുതൽ ചിറയിൽ സോപ്പ്, ഷാംബു, എണ്ണ എന്നിവ ഉപയോഗിച്ച് കുളിക്കുവാനോ, വസ്ത്രങ്ങൾ കഴുകുവാനോ അനുവദിക്കില്ല. ചിറക്ക് ചുറ്റും വൈദ്യുതി സംവിധാനം ഒരുക്കാനും ഉദ്ദേശിക്കുന്നുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പ് പണിത ചിറയിലെ വെള്ളം ഇപ്പോൾ മോശമായിരിക്കുകയാണ്. സോപ്പും മറ്റും ഉപയോഗിക്കുന്നതാണ് ഇതിന് പ്രധാന കാരണം. ചിറയിലെ ചെളി മുഴുവൻ കോരിമാറ്റാനും ലക്ഷ്യമിടുന്നുണ്ട്. ഇവിടുത്തെ സെക്യൂരിറ്റി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. ഇതിന് സമീപത്തെ വരിപ്പട കുണ്ടും കുഴിയും നിറഞ്ഞ അവസ്ഥയിലാണ്. ഇവിടെ കരിങ്കല്ലോ ചെങ്കല്ലോ പാകണമെന്ന അഭിപ്രായം ഉയർന്നിട്ടുണ്ട്. പരിചരണമില്ലാതെ ചിറ നാശത്തിന്റെ വക്കിലെത്തിയതോടെയാണ് നാട്ടുകാർ സംരക്ഷണ കമ്മിറ്റി രൂപീകരിച്ചത്. മുമ്പ് കവിഞ്ഞൊഴുകുന്ന വെള്ളം കുപ്പം പുഴയിലേക്ക് ഒഴുകിപ്പോകാൻ ചാലുകൾ ഉണ്ടായിരുന്നു. എന്നാൽ അതെല്ലാം ഇപ്പോൾ നശിച്ചിരിക്കുകയാണ്. നവീകരണ പ്രവൃത്തിക്ക് വിദഗ്ധരുടെ സഹായം തേടും. പ്രവൃത്തികൾ വിജയിപ്പിക്കാൻ രാജരാജേശ്വര ക്ഷേത്രം ആശ്രമത്ത്ചിറ, വരിപ്പട നവീകരണ സമിതി രൂപീകരിച്ചു. ടി.ടി.കെ. ദേവസ്വം പ്രസിഡണ്ട് ഇ.പി. ഹരിജയന്തൻ നമ്പൂതിരിപ്പാട് യോഗം ഉദ്ഘാടനം ചെയ്തു. പി.വി. രാജശേഖരൻ അധ്യക്ഷത വഹിച്ചു. നഗരസഭ വൈസ് ചെയർപേഴ്സൺ വത്സല പ്രഭാകരൻ, കൗൺസിലർ പി.വി. മാധവി, എ.വി. വേണുഗോപാലൻ, കെ.കെ.കെ. നായർ, എം.കെ. മനോഹരൻ, എ.എൻ. ആന്തൂരാൻ, വിജയ് നീലണ്ഠ അയ്യർ തുടങ്ങിയവർ സംസാരിച്ചു.

ആക്ഷൻ കമ്മിറ്റി രൂപീകരണ യോഗം ഇ.പി.ഹരിജയന്തൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു

ഭാരവാഹികൾ: പി.വി. രാജശേഖരൻ (പ്രസിഡണ്ട്), വിജയ് നീലകണ്ഠ അയ്യർ (കൺവീനർ), ശിവസുബ്രഹ്മണ്യൻ (ട്രഷറർ).

ന്യൂനപക്ഷ പീഡനത്തിന്റെ കാര്യത്തിൽ പിണറായിയും മോദിയും ഒരേ തൂവൽപക്ഷികൾ: അബ്ദുൾകരീം ചേലേരി

തളിപ്പറമ്പ: മതന്യൂനപക്ഷ പീഡനത്തിന്റെ കാര്യത്തിൽ പിണറായിയും നരേന്ദ്രമോദിയും ഒരേ തൂവൽപ്പക്ഷികളാണെന്ന് മുസ്ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. അബ്ദുൾകരീം ചേലേരി കുറ്റപ്പെടുത്തി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മാത്രം കണ്ടിരുന്നതും കേട്ടിരുന്നതുമായ വിധത്തിൽ യു.എ.പി.എ പോലുള്ള കിരാത നിയമങ്ങൾ കേരളത്തിലും പ്രയോഗിക്കപ്പെടുകയാണെന്നും അദ്ദേഹം പറഞ്ഞു. യു.എ.പി.എ വിരുദ്ധ ജില്ലാ റാലിയുടെ പ്രചരണാർത്ഥം കപ്പാലം വ്യാപാര ഭവനിൽ നടന്ന തളിപ്പറമ്പ് നിയോജക മണ്ഡലം മുസ്ലിംലീഗ് പ്രവർത്തകർ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തിയും മത പ്രബോധകർക്കെതിരെ കള്ളക്കേസുകൾ ചുമത്തിയും ന്യൂനപക്ഷ വേട്ട നടത്തുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഭീകരവാദത്തിന്റേതെന്ന പേര് പറഞ്ഞാണ് ഇത്തരത്തിലുള്ള ന്യൂനപക്ഷ വേട്ട. ഭരണകൂടങ്ങളുടെ ഈ നീക്കങ്ങൾക്കെതിരെ മതേതര സമൂഹം ജാഗ്രത പാലിക്കണമെന്നും ചേലേരി പറഞ്ഞു. മണ്ഡലം മുസ്ലിംലീഗ് പ്രസിഡണ്ട് കെ.കെ. അബ്ദുറഹ്മാൻ അധ്യക്ഷത വഹിച്ചു. അഡ്വ. എസ്. മുഹമ്മദ്, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, അള്ളാംകുളം മഹമ്മൂദ്, പി.കെ. സുബൈർ, ഫൈസൽ ചെറുകുന്നോൻ, കെ. മുസ്തഫ ഹാജി, കെ.പി. നൂറുദ്ദീൻ, ടി.വി. അസൈനാർ, മുസ്തഫ കോടിപൊയിൽ, ആലിക്കുഞ്ഞി പന്നിയൂർ, പി.സി. നസീർ, അലിമംഗര, മുഹമ്മദ്കുഞ്ഞി കുപ്പം, പി.വി. അബ്ദുൾ ഷുക്കൂർ, സി. മൊയ്തീൻ, സലാം പാമ്പുരുത്തി, ഹാഷിം എളമ്പയിൽ, അഡ്വ. കെ. പി. മുജീബ്റഹ്മാൻ കുപ്പം, പി.വി. അബ്ദുൾഷുക്കൂർ, സി. മൊയ്തീൻ, സലാം പാമ്പുരുത്തി, ഹാഷിം എളമ്പയിൽ, അഡ്വ. കെ.പി. മുജീബ്റഹ്മാൻ, കെ.പി. ഇസ്മയിൽ പ്രസംഗിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി സി.പി.വി. അബ്ദുള്ള സ്വാഗതവും അബൂബക്കർ വായാട് നന്ദിയും പറഞ്ഞു.

തളിപ്പറമ്പ നിയോജക മണ്ഡലം മുസ്ലിംലീഗ് പ്രവർത്തക കൺവെൻഷൻ ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. അബ്ദുൾകരീം ചേലേരി ഉദ്ഘാടനം ചെയ്യുന്നു.

പയ്യാവൂർ ശിവക്ഷേത്ര ഊട്ടുത്സവം; ഒരുക്കങ്ങൾ ആരംഭിച്ചു

ശ്രീകണ്ഠപുരം: കുടക്- മലയാളി ബന്ധവും ഐതീഹ്യവും ഒന്നിക്കുന്ന പയ്യാവൂർ ശിവക്ഷേത്ര ഊട്ടുൽസവം ഫെബ്രുവരി 12 മുതൽ 25 വരെ നടക്കും. മുന്നോടിയായുള്ള ഒരുക്കങ്ങൾ ആരംഭിച്ചതായി ട്രസ്റ്റി ബോർഡ് ചെയർമാൻ കെ.പി. ഗംഗാധരൻ അറിയിച്ചു. കുടകർ കാളപ്പുറത്ത് അരിയുമായി കാനനപാത താണ്ടി പയ്യാവൂരിലെത്തുന്നതോടെയാണ് ഉൽസവാരംഭം. ചൂളിയാട് ദേശക്കാർ ക്ഷേത്രത്തിൽ ഓലക്കാഴ്ച സമർപ്പിച്ചതോടെ ഉത്സവത്തിനായുള്ള പന്തൽ നിർമ്മാണത്തിന് തുടക്കമായി. ക്ഷേത്ര സമീപത്തായി പത്ത് ടോയ്‌ലറ്റ് മുറികളും വാഹന പാർക്കിംഗ് സൗകര്യവും ഒരുങ്ങുന്നുണ്ട്. കുടകർക്ക് താമസിക്കാനുള്ള സൗകര്യവും ഉണ്ടാക്കിയിട്ടുണ്ട്. ഉത്സവത്തോടനുബന്ധിച്ച് സാംസ്കാരിക സമ്മേളനവും കലാപരിപാടികളും നടത്തും. ഇതിനായി ഉത്സവാഘോഷ കമ്മിറ്റി ചെയർമാൻ പി. സുന്ദരൻ, ശിവദാസൻ തളിയിൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. സ്റ്റേജിൽ കലാപരിപാടികൾ അവതരിപ്പിക്കാൻ താൽപ്പര്യമുള്ള സംഘടനകളും മറ്റും പ്രോഗ്രാം കമ്മിറ്റിയുമായി ബന്ധപ്പെട്ട് പേർ നൽകണമെന്നും ചെയർമാൻ അറിയിച്ചു.

ആലക്കോടിനെ ഭക്തിസാന്ദ്രമാക്കി തിരുനാൾ പ്രദക്ഷിണം

ആലക്കോട്: ആലക്കോട് സെന്റ് മേരീസ് ഫെറോന ദേവാലയത്തിലെ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണം കുടിയേറ്റ വീഥികളെ ഭക്തിസാന്ദ്രമാക്കി. കുടിയേറ്റ മേഖലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ഒഴുകിയെത്തിയ ആയിരക്കണക്കിന് വിശ്വാസികൾ പ്രദക്ഷിണത്തിൽ അണിനിരന്നു. ബാന്റ് മേളങ്ങളുടെ അകമ്പടിയോടെ നടന്ന വർണ്ണ ശബളമായ പ്രദക്ഷിണത്തിൽ ബൈബിളിലെ വിവിധ സംഭവങ്ങൾ അനുസ്മരിച്ചുള്ള പ്ലോട്ടുകളും അണിനിരന്നു. ഇടവക വികാരി ഫാ. ആന്റണി ആനക്കല്ലിൽ, അസി. വികാരി ഫാ. സ്കറിയ വരമ്പകത്ത് നേതൃത്വം നൽകി. തിരുനാൾ സമാപനം കുറിച്ചുള്ള ആഘോഷമായ ദിവ്യബലിക്ക് മോൺ. ഡോ. അലക്സ് താരാമംഗലം നേതൃത്വം നൽകി.

ആലക്കോട് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ടൗണിലേക്ക് നടന്ന പ്രദക്ഷിണം.

പാലിയേറ്റീവ് സ്നേഹസംഗമം നാളെ ഉദയഗിരിയിൽ

ആലക്കോട്: ഉദയഗിരി പഞ്ചായത്തിലെ കിടപ്പിലായ രോഗികളെ പങ്കെടുപ്പിച്ച് പാലിയേറ്റീവ് കെയറിന്റെയും ഉദയഗിരി പഞ്ചായത്തിന്റെയും മണക്കടവ്, ഉദയഗിരി പി.എച്ച്.സികളുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സ്നേഹസംഗമം 2017 നാളെ രാവിലെ 9.30 മുതൽ ഉദയഗിരി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടക്കും. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യുവിന്റെ അധ്യക്ഷതയിൽ പ്രശസ്ത സിനിമാതാരം സന്തോഷ് കീഴാറ്റൂർ ഉദ്ഘാടനം ചെയ്യും. സിജോ ജോർജ്, ജോസ് പറയൻകുഴി, കവിത ഗോവിന്ദൻ, ആർ.സി കരിപ്പത്ത്, തോമസ് വെക്കത്താനം, ബീന സുരേഷ്, സരിത മാത്യു, മാനുവൽ വടക്കേമുറി, ഡെയ്സി ചെറിയാൻ ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ, വി.ടി. ശ്രീരാജ് പ്രസംഗിക്കും. ഡോ. അംജദ് നവാബ് സ്വാഗതവും ഫ്രാങ്ക്ളിൻ നന്ദിയും പറയും. വിവിധ കലാപരിപാടികളും സ്നേഹവിരുന്നും നടക്കും. സാമൂഹ്യ- സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെയാണ് സ്നേഹസംഗമം സംഘടിപ്പിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

സമ്മേളനം വിജയിപ്പിക്കും

തളിപ്പറമ്പ: ധാർമ്മികത നാട് നീങ്ങരുത് എന്ന പ്രമേയത്തിൽ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ തളിപ്പറമ്പ വെസ്റ്റ് റെയിഞ്ച് കമ്മിറ്റി 11ന് അമ്മാനപ്പാറയിൽ സംഘടിപ്പിക്കുന്ന റെയിഞ്ച് സമ്മേളനം വിജയിപ്പിക്കുവാൻ എസ്.എസ്.എഫ് തളിപ്പറമ്പ ഡിവിഷൻ സെക്രട്ടറിയേറ്റ് തീരുമാനിച്ചു. എം. മുഹമ്മദ് കുഞ്ഞി അമാനി, ഷുഹൈബ് വായാട്, മജീദ് അമാനി ഹിദായത്ത് നഗർ, ഒ. സി.അഷ്കർ, സവാദ് വട്ടക്കൂൽ, മുസ്തഫ ഹുമൈദി സംബന്ധിച്ചു. അനസ് അമാനി പുഷ്പഗിരി അധ്യക്ഷത വഹിച്ചു.

യുവാവ് ഉദാരമതികളുടെ സഹായം തേടുന്നു

മയ്യിൽ: ചേലേരി കാരയാപ്പ് വാരം കടവിന് സമീപമായി താമസിക്കുന്ന ദേവമംഗലത്ത് ജാനകി- ഗോവിന്ദൻ ദമ്പതികളുടെ മകൻ ഡി. ശിവദാസൻ (22) സഹായം തേടുന്നു. വയറ്റിൽ മാരകമായ കേൻസർ രോഗം ബാധിച്ച് ചികിത്സയിലാണ് ഇദ്ദേഹം. യേനപ്പ്യാ ഹോസ്പിറ്റൽ മംഗലാപുരം, ലൂർദ് ഹോസ്പിറ്റൽ എറണാകുളം തുടങ്ങിയ വിവിധ ഹോസ്പിറ്റലുകളിലും മറ്റുമായി ചികിത്സയ്ക്കായി ഭാരിച്ച തുക ഇതിനോടകം ചെലവായിട്ടുണ്ട്. നിർദ്ധനരായ ശിവദാസിന്റെ കുടുംബം തുടർന്നുള്ള ചികിത്സയ്ക്ക് പണമില്ലാതെ ഏറെ ബുദ്ധിമുട്ടുകയാണ്.

കുടുംബത്തിന്റെ ഏക ആശ്രയമായ ശിവദാസിന്റെ തുടർ ചികിത്സക്ക് സഹായിക്കുന്നതിന് എം.എൽ.എമാരായ ജയിംസ്മാത്യു, കെ.എം. ഷാജി, കൊളച്ചേരി- നാറാത്ത് പഞ്ചായത്ത് പ്രസിഡണ്ടുമാരായ ഫൗസ്യ കെ.സി.പി, കെ. ശ്യാമള, പഞ്ചായത്ത് അംഗങ്ങളായ കെ. ഷാഹുൽ ഹമീദ്, കെ. ശ്രീജിത്ത് രക്ഷാധികാരികളായും കെ. പി. രമേശൻ ചെയർമാനും കെ.കെ. സതീശൻ കൺവീനറുമായുള്ള ചികിത്സാ സഹായ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.

സംഭാവന കമ്മിറ്റിയെ നേരിട്ടോ, ചെയർമാന്റെയും കൺവീനറുടെയും പേരിൽ എസ്.ബി.ടി പുതിയതെരു ശാഖയിൽ എസ്.ബി 67386780719 (ഐ.എഫ്.സി കോഡ് SBTR0000776) എന്ന അക്കൗണ്ടിലോ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പുന്നക്കുളങ്ങര വാർഡിൽ ശുചീകരണം നടത്തി

ധർമ്മശാല: ക്ലീൻ ആന്തൂർ ഗ്രീൻ ആന്തൂർ ഹരിത കേരള മിഷന്റെ ഭാഗമായി പുന്നക്കുളങ്ങര വാർഡിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവൃത്തി നടത്തി. കൗൺസിലർ പി.കെ. മുജീബ് റഹ്മാൻ ഉദ്ഘാടനം ചെയ്തു. വാർഡ് കൺവീനർ വെള്ളിക്കീൽ വിജയൻ, എ.ഡി.എസ്. ചെയർപേഴ്സൺ പി.വി. കമല, സെക്രട്ടറി പി.വി. രേണുക, കെ.വി. കൗസല്യ, പി. ബീന, കെ.വി. സുശീല, യു. ഷബി, പി. രമ്യ സംസാരിച്ചു.

പുന്നക്കുളങ്ങര വാർഡ് ശുചീകരണം കൗൺസിലർ പി.കെ. മുജീബ് റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു.

ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മയിൽ നൂറോളം ചിത്രകാരൻമാർ പങ്കെടുക്കും

കണ്ണൂർ: ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മയിൽ നൂറോളം ചിത്രകാരൻമാർ പങ്കെടുക്കും. എഴുത്തുകാർക്കും. എഴുത്തുകാർക്കും കലാകാരൻമാർക്കുമെതിരെ നടക്കുന്ന അക്രമണത്തിൽ പ്രതിഷേധിച്ചാണ് വിവിധ സാംസകാരിക സംഘടനകളുടെ നേതൃത്വത്തിൽ ഇന്ന് കണ്ണൂരിൽ സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിക്കുന്നത്. അക്ഷരത്തിനും ഭാഷണത്തിനും വിലക്കോ എന്ന സന്ദേശം ഉയർത്തി നടത്തുന്ന കൂട്ടായ്മയിൽ ജില്ലയിലെ എഴുത്തുകാരും പങ്കെടുക്കും. വൈകീട്ട് നാല് മുതൽ കണ്ണൂർ ടൗൺ സ്ക്വയറിലാണ് പരിപാടി. ചിത്രകാരൻ എബി എൻ ജോസഫ് ഉദ്ഘാടനം ചെയ്യും.

നരിക്കോട് ഉസ്താദ് മഖാം ജലാലിയ്യ റാത്തീബ് വാർഷികം 13 മുതൽ

തളിപ്പറമ്പ: നരിക്കോട് ഉസ്താദ് മഖാമിൽ ജലാലിയ്യ റാത്തീബ് വാർഷികം 13 മുതൽ 15 വരെ നടക്കും. 13ന് ഉച്ചക്ക് 1.30ന് എറന്തല മഖാം സിയാറത്തിന് അഹ്മദ് ജലാലുദ്ദീൻ ബുഖാരി വളപട്ടണം നേതൃത്വം നൽകും. 2.30ന് ഉദ്ഘാടന സമ്മേളനത്തിൽ സമസ്ത വൈസ് പ്രസിഡണ്ട് ആലിക്കുഞ്ഞി മുസ്ലിയാർ ശിറിയ, ഇമ്പിച്ചിക്കോയ തങ്ങൾ വളപട്ടണം, സഅദ് തങ്ങൾ ഇരിക്കൂർ, സ്വാലിഹ് സഅദി തളിപ്പറമ്പ, അബ്ദുൾഖാദർ മദനി പള്ളങ്കോട്, പി.പി.അബ്ദുൾഹഖീം സഅദി സംബന്ധിക്കും.

മഗ്രിബ് നിസ്കാരനന്തരം രിഫാഈ റാത്തീബ് മജ്‌ലിസ് അബ്ദുറഹ്മാൻ ശഹീർ അൽ ബുഖാരി പൊസോട്ട് ഉദ്ഘാടനം ചെയ്യും. അബ്ദുള്ള മുസ്ലിയാർ പേറൂർ മുഖ്യപ്രഭാഷണം നടത്തും. റാത്തീബിന് കോയ കാപ്പാട് നേതൃത്വം നൽകും. 14ന് ഉച്ചക്ക് കാന്തപുരം എ.പി.അബൂബക്കർ മുസ്ലിയാർ, ശൈഖ് മുസ്ലിയാർ സ്മാരക ദർസ് ഹാളിന്റെ ഉദ്ഘാടനം നിർവഹിക്കും. തുടർന്ന് ശാദുലി റാത്തീബിന് സുഹൈൽ തങ്ങൾ മടക്കര, സി.പി.ശാഫി സഖാഫി നേതൃത്വം നൽകും. മഗ്രിബ് നിസ്ക്കാരാനന്തരം ഫസൽ കോയമ്മ തങ്ങൾ കൂറ, ഇ.കെ.ഹുസൈൻ മുസ്ലിയാർ, ബഷീർ സഅദി നുച്യാട്, സി.എം.അബൂബക്കർ സഖാഫി മടവൂർ തുടങ്ങിയവർ ജീലാനി അനുസ്മരണത്തിനും അബ്ദു സ്വമദ് അമാനി പട്ടുവം, ത്വാഹ തങ്ങൾ പൂക്കോട്ടൂർ എന്നിവർ ബുർദ്ദ മജ്‌ലിസിനും സാഹിത്യോത്സവ് പ്രതിഭകൾ ഖവാലിക്കും ഇശൽ വിരുന്നിനും നേതൃത്വം നൽകും.

15ന് രാവിലെ നടക്കുന്ന ഖത്മുൽ ഖുർആൻ മജ്‌ലിസിന് ഹാഫിള് ജഅ്ഫർ അമീൻ സഖാഫിയും ശൈഖ് മുസ്ലിയാർ മഖാം സിയാറത്തിന് എസ്.ബി.പി തങ്ങൾ പാനൂരും നേതൃത്വം നൽകും. തുടർന്ന് ജലാലിയ്യ റാത്തീബിനും, നരിക്കോട് ഉസ്താദ് മൗലിദും മുഹമ്മദ് മുസ്ലിയാർ മഞ്ചേശ്വരത്തിന്റെ നേതൃത്വം നൽകും. 11 മണിക്ക് സമാപന പ്രാർത്ഥന സംഗമത്തിൽ അലി ബാഫഖി തങ്ങൾ, ഇബ്രാഹിമുൽ ഖലീലുൽ ബുഖാരി കടലുണ്ടി, ഹാമിദ് കോയമ്മ തങ്ങൾ മാട്ടൂൽ, സ്വലാഹുദ്ദീൻ ആലിം (ഏർവാടി ഖാളി), മുർസൽ ഇബ്രാഹിം ഫൈസി ഏർവാടി, കെ.പി.അബൂബക്കർ മുസ്ലിയാർ, പി.കെ.അബൂബക്കർ മുസ്ലിയാർ, ഹുസൈൻ സഅദി കെ.സി.റോഡ് തുടങ്ങിയവർ പങ്കെടുക്കും.

എസ്.ജെ.എം. റെയ്ഞ്ച് സമ്മേളനം നാളെ

തളിപ്പറമ്പ: 'ധാർമ്മികത നാടുനീങ്ങരുത്' എന്ന ശീർഷകത്തിൽ സമസ്ത കേരള സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ തളിപ്പറമ്പ വെസ്റ്റ് റെയ്ഞ്ച് സമ്മേളനം നാളെ ഉച്ചക്ക് 1.30 മുതൽ അമ്മാനപ്പാറ രിഫാഇയ്യ സുന്നി മദ്രസയിൽ നടക്കും. പഠനംസെഷനിൽ ആശ്രയ വിനിമയം വിഷയത്തിൽ അബ്ദുസത്താർ അഹ്സനിയും ആദർശം വിഷയത്തിൽ യു.കെ. മുഹമ്മദ് ബഷീർ സഅദിയും ക്ലാസിന് നേതൃത്വം നൽകും. വൈകുന്നേരം 6.30ന് പൊതുസമ്മേളനം കെ. ഇബ്രാഹിം ബാഖവിയുടെ അധ്യക്ഷതയിൽ കേരള മുസ്ലിം ജമാഅത്ത് സംസ്ഥാന ഉപാധ്യക്ഷൻ പട്ടുവം കെ.പി. അബൂബക്കർ മുസ്ല്യാർ ഉദ്ഘാടനം ചെയ്യും. അബ്ദുൾവഹാബ് സഖാഫി മമ്പാട് മുഖ്യപ്രഭാഷണം നടത്തും. മുഹമ്മദ് ആറ്റക്കോയ തങ്ങൾ അൽബുഖാരി, പി.കെ. അബൂബക്കർ മുസ്ല്യാർ, എം.വി. അബ്ദുറഹ്മാൻ മുസ്ല്യാർ, കെ.പി. കമാലുദീൻ മുസ്ല്യാർ, ബി.എ. അലി മൊഗ്രാൽ, ഒ.അബ്ദുൾജബ്ബാർ മാവിച്ചേരി, പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ്, കെ. അബ്ദുറഷീദ് മാസ്റ്റർ നരിക്കോട്, കെ.കെ.പി. കുഞ്ഞബ്ദുല്ല മാസ്റ്റർ, പി. മുഹമ്മദലി മൗലവി, പി. അബ്ദുറഹ്മാൻ സഖാഫി, എം. മഹമ്മൂദ് സഖാഫി, അബ്ദുറഹ്മാൻ കല്ലായി, അനസ് അമാനി പുഷ്പഗിരി, ഉമർ സഅദി തിരുവട്ടൂർ, മുഹമ്മദലി അമാനി, മൻസൂർ അൻസാരി പങ്കെടുക്കും.

സാമൂഹ്യവിരുദ്ധർ നാടിന്റെ സ്വൈര്യജീവിതം തകർക്കുന്നു: ബി.ജെ.പി

തളിപ്പറമ്പ: കുറച്ചുകാലമായി കടമ്പേരി, ധർമ്മശാല, കോൾമൊട്ട ഭാഗങ്ങളിൽ വീടുകൾക്കും വാഹനങ്ങൾക്കും നേരെ അക്രമം നടത്തി സാമൂഹ്യവിരുദ്ധർ നാടിന്റെ സ്വൈര്യജീവിതം തകർത്തുകൊണ്ടിരിക്കുകയാണെന്ന് ബി.ജെ.പി. പാർട്ടി ഓഫീസുകൾക്കും ഇവരിൽ നിന്നും രക്ഷയില്ലാതായിരിക്കുന്നു. ക്രമസമാധാന പാലനത്തിന്റെ പരാജയമാണ് ഇത് കാണിക്കുന്നതെന്നും കഴിഞ്ഞദിവസം തകർക്കപ്പെട്ട കെ.വി. മൂസാൻകുട്ടി മാസ്റ്റർ സ്മാരക മന്ദിരം സന്ദർശിച്ചുകൊണ്ട് ബി.ജെ.പി ജില്ലാ വൈസ് പ്രസിഡണ്ട് പി. ബാലകൃഷ്ണൻ മാസ്റ്റർ പ്രസ്താവിച്ചു. നിയോജക മണ്ഡലം പ്രസിഡണ്ട് ടി.ടി. സോമൻ, ജനറൽ സെക്രട്ടറി കെ. രവീന്ദ്രൻ ആന്തൂർ, കെ.സി. ദീപു, ശ്രീവിജയൻ തുടങ്ങിയവർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ശംസുൽ ഉലമ ആണ്ടുനേർച്ച നാളെ

തളിപ്പറമ്പ: എസ്.കെ.എസ്.എസ്.എഫ്. പെരുവണ ശാഖ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശംസുൽ ഉലമ ആണ്ടുനേർച്ചയും അനുസ്മരണവും സംഘടിപ്പിക്കുന്നു. നാളെ രാത്രി ഏഴ് മണിക്ക് പെരുവണയിൽ നടക്കുന്ന പരിപാടിക്ക് ജലീൽ റഹ്മാനി വാണിയന്നൂർ, അബ്ദുൾ ജലീൽ അസ്ഹരി തുടങ്ങിയവർ നേതൃത്വം നൽകും. ശംസുൽ ഉലമയുടെ അനുഗ്രഹം ലഭിച്ച പ്രദേശമെന്ന ഖ്യാതി പെരുവണയ്ക്കുണ്ട്. ഈ അഭിമാനത്തോടെയാണ് എസ്.കെ.എസ്.എസ്.എഫ് പരിപാടി സംഘടിപ്പിക്കുന്നത്. വാർത്താ സമ്മേളനത്തിൽ സി.കെ. മുഹമ്മദ് മൗലവി, സി.വി. ഹസൈനർ മാസ്റ്റർ, ജംഷീർ ദാരിമി, എം. സുലൈമാൻ സംബന്ധിച്ചു.

തോട്ടിക്കൽ ശാഖ
SKSSF
സിൽവർ ജൂബിലി
സമാപന സമ്മേളനം
SKSSF
എസ്.കെ.എസ്.എസ്.എഫ് തോട്ടീക്കൽ ശാഖ സിൽവർ ജൂബിലി സമാപന സമ്മേളനം പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

വിദ്യാർത്ഥികൾ സമൂഹത്തിന്റെ സമുദ്ധാരകരാവണം: ഹമീദലി തങ്ങൾ

തോട്ടീക്കൽ: വിജ്ഞാനത്തിലൂടെ സമൂഹത്തിന്റെ സമുദ്ധാരകരാവാൻ വിദ്യാർത്ഥികൾ തയ്യാറാവണമെന്ന് എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ പ്രസ്താവിച്ചു. തോട്ടീക്കൽ ശാഖ എസ്.കെ.എസ്. എസ്.എഫ് സിൽവർ ജൂബിലി സമാപന മഹാസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹാശിം ദാരിമി അധ്യക്ഷത വഹിച്ചു. അബ്ദുസമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തി. സുബൈർ തോട്ടീക്കൽ കഥാപ്രസംഗം അവതരിപ്പിച്ചു. ഇബ്രാഹിംകുട്ടി തിരുവട്ടൂർ അശ്രഫ് ദാരിമി കക്കുപ്പടി, ഫിർദൗസ് ഫൈസി പ്രസംഗിച്ചു. ഉമർ നദ്‌വി തോട്ടീക്കൽ, സുബൈർ തോട്ടീക്കൽ, ഷാക്കിർ തോട്ടീക്കൽ എന്നിവരെ ആദരിച്ചു. ഒ. ഹസൻകുഞ്ഞി സ്വാഗതവും ഹസീബ് നന്ദിയും പറഞ്ഞു.

ഭാരവാഹികൾ

കണ്ണൂർ: ആയിക്കര ഗുഡ്സ് ഓട്ടോ തൊഴിലാളി എസ്.ടി.യു കമ്മിറ്റി രൂപീകരിച്ചു. എസ്.ടി.യു ജില്ലാ മൽസ്യ തൊഴിലാളി വൈസ് പ്രസിഡണ്ട് എൻ.പി. സത്താർ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായി കെ.എം. മഖ്ബൂൽ (പ്രസിഡണ്ട്), മഹമ്മൂദ് (വൈസ് പ്രസിഡണ്ട്), മഹറൂഫ് (സെക്രട്ടറി), റിയാസ് (ജോയിന്റ് സെക്രട്ടറി), നൗഷാദ് (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

സെയിൽസ് ഗേളിനെ ആവശ്യമുണ്ട്

തളിപ്പറമ്പിലെ പ്രമുഖ ഒപ്ടിക്കൽ ഷോപ്പിലേക്ക് (കണ്ണട ഷോപ്പ്) സെയിൽസ് ഗേളിനെ ഉടൻ ആവശ്യമുണ്ട്. ബന്ധപ്പെടുക.

9446263640

ഷോറൂം ആവശ്യമുണ്ട്

പ്രമുഖ ഇലക്ട്രോണിക് ഷോറൂമിന് ഹൈവേ റോഡിന് അഭിമുഖമായി തളിപ്പറമ്പിലും പയ്യന്നൂരിലും 800 Sqft-1000 sqft ഷോറൂം സ്പെയ്സ് ആവശ്യമുണ്ട്.

Contact:
8129330066

വീട് വാടകക്ക്

തൃച്ചംബരം അഴീക്കോടൻ റോഡിലും പുളിമ്പറമ്പിലും വീട് (രണ്ട് ബെഡ്റൂം) വാടകക്ക്.

9847508291

വീടിന്റെ അകത്തളങ്ങൾ മനോഹരമാക്കുന്നു

HDMR, Mutiwood, Greenply, MDF, Marineplay, Solidwood, Gyproe തുടങ്ങിയ ലോകനിലവാരത്തിലുള്ള ബ്രാന്റ് കമ്പിനികളുടെ ഉൾപ്പന്നങ്ങൾ ഉൾപ്പെടുത്തി വീടുകളുടെ ഹൃദ്യമായ അടുക്കള, ബെഡ്റൂമുകൾ, വിവാഹ മണിയറകൾ, സീലിംഗ് എന്നിവയെല്ലാം നിങ്ങൾ ഇഷ്ടപ്പെടുന്ന നിറത്തിലും, ഡിസൈനിലും നിങ്ങളുടെ ബഡ്ജറ്റിനനുസൃതമായി ഞങ്ങൾ ഒരുക്കിത്തരുന്നു. ബന്ധപ്പെടുക.

മിത്രം ഹോം ഡെക്കർ
വിക്ടോറിയ കോംപ്ലക്സ്, കായാട്ടുപാറ – എളമ്പേരം
Mob: 9847232751

ഇലക്ട്രോണിക് ത്രാസുകൾ
ഇപ്പോൾ 4200 രൂപ മുതൽ
ബന്ധപ്പെടുക
പ്രൊഫഷണൽ വെൻചേർസ്
ഹൈസ്കൂളിന് സമീപം, കല്ല്യാശേരി, കണ്ണൂർ – 670562
Ph: 9388433225, 9886581025, 9400580205
0.1 മില്ലിഗ്രാം മുതൽ 120 ടൺ വരെ എല്ലാ റേഞ്ചുകളിലും, വിവിധ മോഡലുകളിലും
ഉത്തരകേരളത്തിൽ ഉടനീളം എപ്പോഴും എവിടെയും
മോഡലുകൾ
Counter Scale, Piece Counting Scale,Laboratory Scale, Price Computing Scale, Personal Scale, Bathroom Scale, Coin Operated Scale, Kitchen Scale, Animal Weighing Scale, Table Top Scale, Bench Scale, Platform Scale, Industrial Scale, Hanging Scale, Jewellery Scale, Electronic Weigh Bridge.